 

# സമഗ്ര ശിക്ഷാ കേരളം

# അർധവാർഷിക മൂല്യനിർണയം 2022–23

## മലയാളം

## അടിസ്ഥാനപാഠാവലി

ക്ലാസ് : 6 സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈസമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആറ് പ്രവർത്തനങ്ങളാണ് നൽകിയിട്ടുള്ളത്. ഇതിൽ ഒന്നാമത്തെ പ്രവർത്തനത്തിന് ഉറപ്പായും ഉത്തരം എഴുതേണ്ടതാണ്. രണ്ട് മുതൽ ആറ് വരെയുള്ള പ്രവർത്തനങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

---

**പ്രവർത്തനം 1 കണ്ടെത്താം എഴുതാം**

കവിയും ഗാനരചയിതാവുമായ കെ.ജയകുമാറിന്റെ ഓർമക്കുറിപ്പിൽ നിന്നുള്ള ഒരു ഭാഗം വായിക്കൂ.

അമ്മയ്ക്ക് വായിക്കാൻ പുസ്തകമെടുക്കാനായി ഞങ്ങളുടെ ഗ്രാമീണ വായനശാലയിൽ ഞാൻ പതിവായി പോകുമായിരുന്നു. എന്റെ ആദ്യ സർവകലാശാലയാണ് ചെഞ്ചേരി യുവജനസമാജം വായനശാല. വയൽവരമ്പിലൂടെ വായനശാലയിലേക്കുള്ള വൈകുന്നേരങ്ങളിലെ നടപ്പിന്റെ സുഖം ഇപ്പോഴും മറന്നിട്ടില്ല. വിശാലമായ നെൽപ്പാടങ്ങൾ, അതിനിരുവശത്തും കുറേ വീടുകൾ, ഒരു ചെറിയ കുളം, അങ്ങ് ദൂരെ പടിഞ്ഞാറേദിക്കിൽ കുറുങ്കുളം കാവ്. അതിന്റെ പിന്നിലാണ് സൂര്യൻ അസ്തമിക്കുക. അതിനപ്പുറം ഉള്ളൂർ തോട്. യാത്ര പറഞ്ഞിട്ടും പോകാതെ നിൽക്കുന്ന സ്നേഹസാന്നിധ്യം പോലെ എപ്പോഴും വീശുന്ന കാറ്റ്, ആ പഴയ ഗ്രാമത്തെക്കുറിച്ചോർക്കുമ്പോൾ നഷ്ടബോധം കൊണ്ട് സങ്കടം വരും. പാടങ്ങളെല്ലാം പറമ്പുകളായി മാറിപ്പോയി. എമ്പാടും വീടുകൾ. മനസ്സിൽ പതിഞ്ഞു കിടക്കുന്ന സ്വപ്നഭൂമിയാണ് ആ ഗ്രാമം.

അവലംബം : കെ.ജയകുമാറിന്റെ ഓർമ്മക്കുറിപ്പുകൾ

1) ഗ്രാമത്തെക്കുറിച്ച് ഓർക്കുമ്പോൾ സങ്കടം തോന്നുന്നത് എന്തുകൊണ്ട്?

   (സുഖസൗകര്യങ്ങൾ കുറവായതുകൊണ്ട്, ഗ്രാമങ്ങളിലെ പഴമകളുടെ ചന്തം മാഞ്ഞുപോയതിനാൽ, വായനശാലയിൽ പുസ്തകങ്ങൾ കുറവായത് കൊണ്ട്)

2) യാത്ര പറഞ്ഞിട്ടും പോവാതെ നിൽക്കുന്നത് ആര്?

   (കാറ്റ്, മേഘം, സൂര്യൻ)

3) രചയിതാവിന്റെ സ്വപ്ന ഭൂമിയായ ഗ്രാമം എങ്ങനെയുള്ളതാണ്?

   (ഗ്രാമീണതയുള്ള നാട്, നഗരത്തിന്റെ തിരക്കുള്ള നാട്, എമ്പാടും വീടുകളുള്ള നാട്)

4) വൈകുന്നേരങ്ങളിൽ എഴുത്തുകാരൻ പോയിരുന്നത് എങ്ങോട്ട്?

   (കുറുങ്കുളം കാവിലേക്ക്, വായനശാലയിലേക്ക്, ഉള്ളൂർ തോട്ടിലേക്ക്)

5) കെ.ജയകുമാർ ആദ്യസർവകലാശാലയായി വിശേഷിപ്പിച്ചത്?

   (വായനശാല, ഗ്രാമം, വിദ്യാലയം)

**പ്രവർത്തനം 2 (എ) വിശകലനക്കുറിപ്പ് തയാറാക്കുക**

താഴെക്കൊടുത്ത ശൈലി ശ്രദ്ധിക്കൂ.

**ഇക്കരെ നിൽക്കുമ്പോൾ അക്കരെപ്പച്ച**

അകലെയുള്ളതോ അടുത്ത് പരിചയമില്ലാത്തതോ ആയ കാര്യങ്ങൾ കേമമാണെന്നുതോന്നും എന്നാണ് മുകളിലെ ശൈലിയുടെ അർഥം.

ഇതുപോലെ ഒട്ടേറെ ശൈലികൾ നിങ്ങൾക്ക് പരിചിതമാണല്ലോ. മറ്റൊന്ന് നോക്കൂ.

**തേടിയ വള്ളി കാലിൽച്ചുറ്റി**

ഈ ശൈലിയെ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കൂ.

ബി) കൂട്ടത്തിൽപ്പെടാത്തത് ഏത്?

(വഞ്ചി, പുഞ്ച, തോണി)

**പ്രവർത്തനം 3 (എ) ലഘു ഉപന്യാസം തയാറാക്കുക**

'കാലം മാറുമ്പോൾ കോലവും മാറും' എന്നാണല്ലോ ചൊല്ല്. 'പുഞ്ച കൊയ്തേ... കളം നിറഞ്ഞേ...' എന്ന പാഠഭാഗത്ത് പഴയ കൃഷിരീതികളെക്കുറിച്ചുള്ള സൂചനയുണ്ട്. ഇക്കാലത്ത് കൃഷിയിറക്കുന്നതിലും കൊയ്തെടുക്കുന്നതിലും വിത്തുകളിലുമൊക്കെ എന്തെല്ലാം മാറ്റങ്ങൾ വന്നിരിക്കുന്നു, അല്ലേ?

കാർഷികരംഗത്ത് വന്ന ഇത്തരം മാറ്റങ്ങളെക്കുറിച്ച് ലഘു ഉപന്യാസം തയാറാക്കൂ.

ബി) പൊലിമ എന്ന വാക്കുകൊണ്ട് അർഥമാക്കുന്നത് എന്ത്?

(മേന്മ, തനിമ, സമൃദ്ധി)

**പ്രവർത്തനം 4 (എ) പ്രതികരണക്കുറിപ്പ് തയാറാക്കുക**

ഒരുമയുടെ സന്ദേശമാണല്ലോ ഓണം നൽകുന്നത്. കാർട്ടൂൺ ശ്രദ്ധിക്കൂ.



കുട്ടികൾ ചെയ്ത പ്രവൃത്തിയോടും മുതിർന്നവരുടെ അഭിപ്രായത്തോടും നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ പ്രതികരണം കുറിപ്പായി എഴുതൂ.

ബി) 'പിള്ളേരോണം' എന്ന വാക്കു കൊണ്ട് അർഥമാക്കുന്നതെന്ത്?

(കുട്ടികളുടെ ഓണം, മുതിർന്നവരുടെ ഓണം, കർക്കിടകത്തിലെ തിരുവോണം)

പ്രവർത്തനം 5 (എ) കഥാപാത്രനിരൂപണം തയാറാക്കാം

**സ്നേഹം**

*വീടിന്റെ വടക്കു ഭാഗത്തെ തൊടിയിൽ പടരാൻ തുടങ്ങുന്ന വെള്ളരിവള്ളിയെ വളരാൻ സഹായകമായ രീതിയിൽ തിരിച്ചു വിടുകയാണ് അച്ഛൻ. എന്തൊക്കെയോ അഭിപ്രായം പറഞ്ഞുകൊണ്ട് അമ്മയും അടുത്തുണ്ട്. ഓഫീസ് ജീവനക്കാരനായ അച്ഛൻ ഇത്തരം പണികൾ ഒന്നും ചെയ്തുകണ്ടിട്ടില്ല. ഒഴിവുദിവസങ്ങളിൽ മിക്കവാറും കമ്പ്യൂട്ടറും മൊബൈലും ആയി സമയം ചെലവഴിക്കും. അരികിലെത്തി പച്ചക്കറിവളങ്ങളെക്കുറിച്ചുള്ള അച്ഛന്റെ സംശയങ്ങൾക്ക് മറുപടി കൊടുക്കുന്നത് മനുവാണ്. അവനായിരുന്നല്ലോ മുത്തച്ഛനെ സഹായിക്കാറ്...!*

*പെട്ടെന്ന് മനുവിന് സങ്കടം വന്നു. കായ്ച്ചു നിൽക്കുന്ന വഴുതിനത്തൈ ചേർത്തു പിടിച്ച് അവൻ നിന്നു. മുത്തശ്ശന്റെ മുഖം മനസ്സിൽ തെളിഞ്ഞു. മനുവിന്റെ കണ്ണുകൾ ഈറനണിഞ്ഞു. അച്ഛനും അമ്മയും മനുവിനെ ചേർത്തു പിടിച്ചു.*

മുഹമ്മദ് ഫഹീം പി., അലനല്ലൂർ

മനുവിനെക്കുറിച്ച് കഥാപാത്രനിരൂപണം തയാറാക്കൂ.

ബി) ഉപ്പുകൊറ്റൻ ജാലവിദ്യകൊണ്ട് അപ്പങ്ങളാക്കി മാറ്റിയത് എന്താണ്?
(ഉപ്പുതരികൾ, നെല്ലിക്കകൾ, ചരൽക്കല്ലുകൾ)

പ്രവർത്തനം 6 (എ) ഓർമക്കുറിപ്പ് തയാറാക്കുക

എനിക്ക് ആറുവയസ്സുള്ളപ്പോഴാണ്, കുഞ്ഞുതൊമ്മൻ ഭൂജാതനാവുന്നത്. അതുവരെയ്ക്കും മലഞ്ചെരിവിലെ ആ ചെറുവസതിയിൽ അപ്പനമ്മമാരും നാലു സഹോദരങ്ങളുമൊത്ത്, തികഞ്ഞ സ്വസ്ഥതയോടെ, ഞാനങ്ങനെ ജീവിച്ചു വരികയായിരുന്നു. അപ്പോഴാണ് തൊമ്മന്റെ കടന്നുവരവ്. ആൾ ശിശുപ്രായം മുതൽക്കേ, ഒരതിസാമർഥ്യക്കാരനായിരുന്നു. എല്ലാ കുട്ടികളും നീന്തുന്ന പ്രായത്തിൽ തൊമ്മൻ നടക്കാൻ തുടങ്ങി. സാധാരണ പൈതങ്ങൾ കഷ്ടിച്ച് അരക്കുപ്പി പാൽ കുടിക്കുന്ന പരുവത്തിൽ നമ്മുടെ ചങ്ങാതിക്ക് രണ്ടുകുപ്പി പാൽ വേണം. ഒന്നരവയസ്സായപ്പോൾത്തന്നെ, ആൾ നല്ല മണിമണിപോലെ സ്ഫുടമായി സംസാരിച്ചുതുടങ്ങി. ചുരുക്കിപ്പറഞ്ഞാൽ എല്ലാറ്റിലും ഒരു പടി മുന്നിൽ.

തൊമ്മനെ ആദ്യമൊക്കെ ഞാൻ അതിരറ്റു സ്നേഹിച്ചിരുന്നു. അവൻ കാട്ടിക്കൂട്ടുന്ന അതിക്രമങ്ങളൊക്കെയും ക്ഷമയോടെ സഹിച്ചിരുന്നു. തൊമ്മനോടുള്ള അകമഴിഞ്ഞ ആ സ്നേഹവായ്പിനു പിന്നിൽ വ്യക്തമായ രണ്ടു വസ്തുതകളുണ്ടായിരുന്നു. ഒന്നാമത് അവൻ എന്റെ ഒരേ ഒരനുജൻ. രണ്ടാമത്, എട്ടാം പിറന്നാളിന് എനിക്ക് സമ്മാനമായി ലഭിച്ച 'വൈകി ജനിച്ച കുഞ്ഞനുജൻ' എന്ന റഷ്യൻ കഥാപുസ്തകം നൽകിയ പ്രചോദനം.

| ഭൂജാതനാവുക – ജനിക്കുക |
|---|

റോസ്മേരിയുടെ ഓർമക്കുറിപ്പ് വായിച്ചല്ലോ. സഹോദരങ്ങളുമായോ കൂട്ടുകാരുമായോ ഉള്ള രസകരമായ നിങ്ങളുടെ ഓർമകൾ കുറിപ്പായി എഴുതൂ.

ബി) മുഖച്ഛായ എന്ന വാക്കിന് യോജിക്കുന്നത്.
(മുഖവും ഛായയും, മുഖമാകുന്ന ഛായ, മുഖത്തിന്റെ ഛായ)